# Lourde Voice

# ലൂർദ്ദ് വോയ്സ്

DECEMBER 2020




## LOURDES FORANE CHURCH

**GANDHIPURAM, COIMBATORE**

**WWW.LOURDESFORANE.COM**





Commercial Wet Grinder
Available in 3 to 20 Liters



Conventional
Tilting Grinder



Commercial Coconut Scrapper






Commercial Tilting Grinder
Available in 5 to 25 Liters



Commercial Atta Kneader

BEETEX® INDUSTRIES

808, V.K.K. Menon Road, New Sidhapudur,
Coimbatore - 641 044. Ph : 0422 - 2520279, 4387279.
E-mail : beetexgrinderscbe@yahoo.com
Website : www.beetexgrinders.com



# ലൂർദ്ദ് വോയ്സ്

ഗാന്ധിപുരം, കോയമ്പത്തൂർ

WWW.LOURDESFORANE.COM


പുസ്തകം 2 | ഡിസംബർ 2020 | ലക്കം 12


കുർബ്ബാനസമയം:
തിങ്കൾ മുതൽ ശനി വരെ
രാവിലെ 6.15നും വൈകിട്ട്
6.00നും

ലൂർദ്ദ്‌വോയ്സ് പാരിഷ് ബുള്ളറ്റിൻ,
lourdevoicegandhipuram@gmail.com

കുർബ്ബാനസമയം
ഞായർ രാവിലെ 6.15, 8.15.,
10.30,
വൈകിട്ട് 5.30


Chief Editor:
Fr. Thomas Kavungal
Ph: 9443937675
Sub- Editor:
Fr. Alfin Manavalan V C
Ph: 8606479772
Editorial board:
Mrs. Deepa Biju
Mrs. Tina Felix,
Mrs. Ajimol Antony
Mrs. Baby Davis
Sr. Maria Celine
Mr. Poulose
Mr. P. J. James
Mrs. Beena Mathew
Mrs. Deepa Anand
Printing and Publishing:
Mr. Felix P. S.
Ph:9894024729
Mr. Joffy C. J.
Ph: 8903687184
Kaikkars
Mr. Thomas Prabhu
Mr. Shaju Edakalathur
Advertisement:
Mr. A. R. Jose
9894031020
Mr. Sijo Jose
9944551415
Secretary:
Sr. Therese John
PRO:
Mr. James M. A.
Ph: 9843316164



എഡിറ്റോറിയൽ

ഇടയമൊഴി

Religion = Drug?

ഇടവക വാർത്തകൾ

തമിഴ്

സംഘടനാവാർത്തകൾ

ലോഗോസ് ക്വിസ്


ഓർമ്മിക്കേണ്ട ദിവസങ്ങൾ

സഭാ വാർത്തകൾ

Catechism News

Kids Corner

Marian Knowledge

എഡിറ്റോറിയൽ

# പുത്തൻ ഉണർവ്വോടെ
## പുതുവർഷത്തിലേക്ക്

സംഭവബഹുലമായ 2020 കടന്ന് പുത്തൻ പ്രതീക്ഷകളോടെ 2021 ലേയ്ക്ക് പ്രവേശിക്കാൻ നാം ഒരുങ്ങുകയാണ്. അതിജീവനത്തിന്റെ നാളുകളിലൂടെ കടന്നുപോയ ഒരു വർഷം. ചില സ്മരണകൾ നല്കി കൊണ്ട് പല പാഠങ്ങളും നമ്മെ പഠിപ്പിച്ചുകൊണ്ടും 2020 കാലത്തിന്റെ കലണ്ടറിൽ നിന്നും മറയുന്നു. കൂട്ടിലടച്ച കിളികളെപ്പോലെ വീടിന്റെ നാലു ചുവരുകൾക്കുള്ളിൽ അടയ്ക്കപ്പെട്ട ദിനങ്ങൾ.... വീണ്ടുവിചാരങ്ങളുടെയും ഈശ്വരാനുഭവത്തിന്റെയും കുടുംബശാക്തീകരണത്തിന്റെയും നല്ല നാളുകളായി മാറിയ ക്വാറന്റൈൻ കാലഘട്ടം... നമ്മെക്കാളേറെ ജീവിതത്തെ സ്നേഹിച്ചിരുന്നവരും, ജീവിച്ച് കൊതിതീരാത്തവരും ജീവിതം സ്വപ്നം കണ്ടവരും പാതിവഴിയിൽ മടങ്ങേണ്ടി വന്നപ്പോൾ ഈ കോവിഡ് 19 കാലഘട്ടത്തിലും നമ്മുടെ ജീവനെപരിപാലിച്ച് നാളെയെക്കുറിച്ച് സ്വപ്നം കാണാൻ ദൈവം നമ്മെ അനുവദിച്ചില്ലേ?

ആയുസ്സിന്റെ തീരത്തേയ്ക്ക് ഒരു ചുവടുകൂടി വയ്ക്കാൻ പുതുവർഷത്തിലേക്ക് പ്രവേശിക്കാൻ ഒരുങ്ങുമ്പോൾ നമ്മുടെ മനസ്സുകളിൽ നിറഞ്ഞു നിൽക്കേണ്ട ഒരു സുവിശേഷഭാഗമാണ് വി. ലൂക്ക 13:6–9. താൻ നട്ട അത്തിവൃക്ഷത്തിൽ നിന്ന് മൂന്നു വർഷം തുടർച്ചയായി ഫലം അന്വേഷിക്കുന്ന യജമാനനായ ദൈവത്തേയും അത്തിമരത്തിൽ വേണ്ടത്ര പരിചരണം നല്കി പൊന്നുപോലെ ശുശ്രൂഷിക്കുന്ന കർഷകനായ ഈശോയയെയും നമുക്കിവിടെ കണ്ടുമുട്ടാനാകും. നിലം പാഴാക്കുന്നതിനേക്കാൾ നല്ലത് അത്തിമരം വെട്ടിക്കളയുന്നതാണ് എന്ന അഭിപ്രായം യജമാനൻ മുന്നോട്ടുവയ്ക്കുമ്പോൾ അരുതേ, ഒരു വർഷംകൂടി താൻ അങ്ങിനെ പരിചരിക്കാം. അത് ഫലം നൽകും എന്ന ഉറപ്പാണ് കർഷകന്റേത്. നമ്മുടെയൊക്കെ ജീവിതങ്ങളിലേക്ക് തിരിഞ്ഞുനോക്കുമ്പോൾ ഈ അത്തിമരം നാം ഓരോരുത്തരും അല്ലേ എന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു. ചുരുക്കി പറഞ്ഞാൽ ഒരു അവസരംകൂടി അതായത് '2021' ദൈവം നമുക്കായി വച്ചുനീട്ടുന്നു. ഓരോ വർഷവും ദൈവം നമുക്ക് ബോണ

സായി തരുന്നത് ചുവടുകിളച്ച്  വളമിട്ട് ഫലം ചൂടാനാണ്. അതിന് ദൈവവചനത്തിലേയ്ക്കും കൂദാശകളിലേക്കും വിശ്വാസത്തോടും പ്രത്യാശയോടും കൂടി നമുക്ക് നടന്നടുക്കാം.

" ഞാൻ വിളിച്ചപേക്ഷിച്ച നാളുകളിൽ അവിടുന്ന് എനിക്ക് ഉത്തരമരുളി. എന്റെ ആത്മാവിന് ധൈര്യം പകർന്ന് എന്നെ ശക്തിപ്പെടുത്തി. കഷ്ടതകളിലൂടെ കടന്നുപോയപ്പോഴും എന്റെ ജീവനെ അവിടുന്ന് പരിപാലിച്ചു. കർത്താവിന്റെ കാരുണ്യം അനന്തമാണ്" (സങ്കീ:138) അതിജീവനത്തിന്റെ നാളുകളിൽ പ്രതീക്ഷയുടെ നാമ്പുകൾ വിടർത്തിക്കൊണ്ട് കടന്നുവരുന്ന പുതുവർഷത്തെ സന്തോഷത്തോടെ വരവേൽക്കാം. നമ്മുടെ ആത്മീയ ജീവിതത്തിലും ഒരു ഉണർവിന്റെ പ്രത്യാശയുടെ സന്തോഷത്തിന്റെ വർഷമായി പുതുവർഷം മാറണം. "എപ്പോഴും സന്തോഷത്തോടെയായിരിക്കുക. ഇടവിടാതെ പ്രാർത്ഥിക്കുക, എല്ലാറ്റിനും നന്ദി പ്രകാശിപ്പിക്കുക". (തെസ്ലോ 5: 16-18)

ഈശോയോട് ചേർന്നിരിക്കുമ്പോൾ ലഭിക്കുന്ന സന്തോഷം നമ്മെ വളർത്തുന്ന സന്തോഷമാണ്. നന്മചെയ്തുകൊണ്ട് സഹജീവികളെ സ്നേഹിച്ചുകൊണ്ട് എല്ലാം നന്മയ്ക്കായി പരിണമിപ്പിക്കുന്ന ഈശോയോട് ചേർന്ന് സന്തോഷത്തോടെ ആയിരിക്കാം. വി. കുർബാന, ജപമാല, ബൈബിൾവായന, കുടുംബപ്രാർത്ഥന എന്നിവയിലൂടെ പ്രാർത്ഥനാരൂപിയിൽ കൂടുതൽ വളരാൻ ഈ പുതുവർഷത്തിൽ സാധിക്കട്ടെ. ദൈവത്തോടും സഹജീവികളോടും നന്ദിയുള്ളവരായിരിക്കാം.

'ജനനം' എന്ന മൂന്നക്ഷരത്തിൽ ആരംഭിച്ച് 'മരണം' എന്ന മൂന്നക്ഷരത്തിൽ പ്രവേശിക്കും മുൻപ് 'ജീവിതം' എന്ന മൂന്നക്ഷരത്തിൽ ആയിരിക്കുമ്പോൾ മറ്റുള്ളവരെ സ്നേഹിക്കാനും നന്മചെയ്യാനും നമുക്ക് സാധിക്കണം.

"അന്ധകാരത്തിൽ കഴിഞ്ഞിരുന്ന ലോകം ഒരു പ്രകാശം കണ്ടു". ക്രിസ്തുവിന്റെ ജനനത്തിന്റെയും പുതുവർഷത്തിന്റെയും നിറവിലായിരിക്കുന്ന നമുക്ക്  ദൈവം നൽകിയ അനുഗ്രഹങ്ങൾക്ക്  നന്ദി പറയാം. പുതിയ വർഷത്തിൽ പുത്തൻ ചിന്തകളും പുതിയ കാഴ്ചപ്പാടുകളും ജീവിതത്തെ നയിക്കട്ടെ. ഏവർക്കും ക്രിസ്തുമസ്സിന്റെയും പുതുവത്സരത്തിന്റെയും ആശംസകൾ നേരുന്നു.

ശ്രീമതി. അജി മോൾ ആന്റണി

ഇടയമൊഴി



# ഗബ്രിയേൽ ദൂത്

'ദൈവദൂതൻ അവരോട് പറഞ്ഞു. ഭയപ്പെടേണ്ട ഇതാ സകലജനത്തിനും വേണ്ടിയുള്ള വലിയ സന്തോഷത്തിന്റെ സദ്‌വാർത്ത നിങ്ങളെ ഞാൻ അറിയിക്കുന്നു. ദാവീദിന്റെ പട്ടണത്തിൽ നിങ്ങൾക്കായി ഒരു രക്ഷകൻ കർത്താവായ ക്രിസ്തു ജനിച്ചിരിക്കുന്നു'. സ്നേഹത്തിന്റെ സമാധാനത്തിന്റെ സന്ദേശവുമായി പിറന്ന ക്രിസ്തുവിന്റെ തിരുപ്പിറവിയ്ക്കായി ലോകം ഒരുങ്ങുകയാണ്. ആഗതമാകുന്ന ക്രിസ്തുമസ്സ് എല്ലാവർക്കും സന്തോഷത്തിന്റെ കാലമാണ്. എങ്ങും നക്ഷത്രങ്ങൾ, കരോൾഗാനം, ആശംസാകാർഡുകൾ, പുൽക്കൂടുകൾ, സമ്മാനപ്പൊതികൾ, കേക്കുകൾ എന്നിവ ആഘോഷത്തിന് മാറ്റുകൂട്ടുന്നു. മംഗളവാർത്ത സ്വീകരിച്ച മറിയം എലിസബത്തിനെ സന്ദർശിച്ച് ശുശ്രൂഷ ചെയ്യുന്നു. ഇതുപോലെ നമ്മിൽ ഉരുവാകുന്ന രക്ഷകൻ സഹോദര സ്നേഹത്തിലേയ്ക്കും ത്യാഗപരമായ ജീവിതത്തിലേയ്ക്കും നിസ്വാർത്ഥ സേവനത്തിലേയ്ക്കും നമ്മെ നയിച്ചാൽ എന്റെ ഹൃദയം ഈശോയ്ക്ക് ഇഷ്ടമുള്ള പുൽക്കൂടായി മാറും.

സ്നേഹം നിഷേധിക്കപ്പെട്ടവരും സമൂഹം അവഗണിക്കപ്പെട്ടവരും നമുക്കുചുറ്റും ഉണ്ട്. പുൽക്കൂട്ടിൽ കാണുന്ന ഇടയൻ ആടുകൾക്ക് സ്നേഹം പകരുന്നതുപോലെ നമ്മുടെ മുൻപിലുള്ള അവഗണിക്കപ്പെട്ടവർക്ക് ക്രിസ്തുവിന്റെ കരുണാർദ്രമായ സ്നേഹം പകരാൻ എനിക്കു കഴിഞ്ഞാൽ എന്റെ ഹൃദയത്തിൽ യേശു ജനിക്കാൻ ഒരു ഇടം ഞാൻ ഒരുക്കി കഴിഞ്ഞു.

കോവിഡ് 19 മഹാമാരിയുടെ ഭയവും സാമ്പത്തിക ഞെരുക്കവും പിടിമുറുക്കിയിരിക്കുന്ന ഈ കാലഘട്ടത്തിൽ അത്യുന്നതങ്ങളിൽ ദൈവത്തിന് സ്തുതി. ഭൂമിയിൽ നല്ല മനസ്സുള്ളവർക്ക് സമാധാനം എന്ന് ആശംസിച്ചതുപോലെ നമ്മുടെ വാക്കും പെരുമാറ്റവും മറ്റുള്ളവർക്ക് സമാധാനത്തിന്റെ കുളിർമഴയായി തീരുമ്പോൾ ഞാൻ ഒരു ദൈവദൂതനായി മാറുകയാണ്. പൂജരാജാക്കന്മാർക്ക് വഴികാട്ടിയ നക്ഷത്രം പോലെ മറ്റുള്ളവരെ നന്മയുടെ പാതയിലേക്ക് നയിക്കാൻ ഒരു വഴികാട്ടിയായി ഞാൻ തീരുമ്പോൾ ഞാനും ഒരു ക്രിസ്തുമസ് സ്റ്റാർ ആവുകയാണ്.

സങ്കുചിതചിന്തയും സ്വാർത്ഥ താല്പര്യവും  വെടിഞ്ഞ് ഉണ്ണീശോയെ ഹൃദയത്തിൽ സ്വീകരിക്കാൻ നമ്മുടെ മനസ്സുകളെ ഒരുക്കാം. ഏവർക്കും ക്രിസ്തുമസ്സിന്റെയും പുതുവത്സരത്തിന്റെയും ആശംസകൾ നേരുന്നു.

**ഫാ. തോമസ് കാവുങ്കൽ**
വികാരി



# Religion = Drug?

There is a misconception among the faithful of all the walks of different religions that religion is just like a drug. It gives a kind of a kick to the believer. It is needless to say “Pope Francis is proved to be a prophet of the present era. Also it should be considered a matter of pride for us that he has commented on a sensitive issue of religions and fraternal communion through his Encyclical Letter “Frattelli Tutti”. I am quite hopeful that it will shortly make a drastic change in our conception about religions.

If you don’t let it slide, let me share with you pleasant news. Have you heard about the Abrahamic Family House? If not, I will make it clear. The Abrahamic Family House consists of a mosque, church, Synagogue and educational centre to be built on Saadiyat Island, the cultural heart of Abu Dhabi. It must be considered as a beacon of mutual understanding, harmony peace and coexistence. The design shares the values between Judaism, Christianity and Islam. This landmark will definitely form a platform for renewed thought, learning, dialogue and worship. This vision for the Abrahamic Family House was envisioned after signing of the Document on Human fraternity for world peace and living together by Pope Francis and grand Imam Ahmed El- Tayeb in February 2019.

We might be rather dubious what will be the motivating factor behind this new venture. Despite being dubious and furious, let us try to extract the good from this endeavour. Pope Francis strives to cultivate in us a place for mutual love between different religions. We must consider everyone equally before God. They are children of God and they too deserve to participate in the salvific act of Almighty God. Inspite of being addicted to religions, let us try to be addicted the love of Jesus by which fraternity and love are imparted to our brethren.

**Fr. Alfin Manavalan VC**
Asst. Vicar

# ഇടവക വാർത്തകൾ

**നീ തന്നെയാണ് ക്രിസ്തുമസ്സ്**

നമ്മുടെ ഹൃദയം ഈശോയ്ക്ക് പിറക്കാനുള്ള പുൽക്കൂടായി മാറുമ്പോൾ, നമ്മുടെ ജീവിതം കണ്ട് ആരെങ്കിലും ക്രിസ്തുവിലേയ്ക്ക് മാനസാന്തരപ്പെടുമ്പോൾ, നമ്മുടെ ജീവിതത്തിലൂടെ മറ്റുള്ളവരിലേയ്ക്ക് നന്മ ചൊരിയപ്പെടുമ്പോൾ, നമ്മുടെ നാവിലൂടെ ശാന്തിയുടെ വാക്കുകൾ ഒഴുകുമ്പോൾ നാം മറ്റൊരു ക്രിസ്തുമസ്സ് ആയി മാറുകയാണ്. ഈ വർഷവും 25 നോമ്പെടുത്ത് ക്രിസ്തുമസ്സിനായി ഒരുങ്ങാം. വി. കുർബാനയിൽ ദിവസവും പങ്കെടുത്ത് പ്രാർത്ഥിക്കാം. ഭവനങ്ങളിൽ നക്ഷത്രവിളക്കും, പുൽക്കൂടും സമ്മാനങ്ങളും, അലങ്കാര ബൾബുകളും ഒരുക്കാം... ഏവർക്കും ക്രിസ്തുമസ്സ് മംഗളങ്ങൾ.....

**ഓൺലൈൻ കരോൾ**

ഈ വർഷം നമുക്ക് ഭവനങ്ങൾ തോറും വന്ന് കരോൾ നടത്താൻ കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ സാധിക്കാത്തതിനാൽ നമ്മുടെ SMYM ഓൺലൈൻ കരോൾ ഒരുക്കുന്നു. എല്ലാവരും ഓൺലൈൻ കരോളിൽ പങ്കെടുക്കുകയും ഉണ്ണിശോയ്ക്കുള്ള സമ്മാനം (സമർപ്പണം) ദൈവാലയത്തിൽ എത്തിക്കാവുന്നതാണ് എന്നും ഓർമ്മപ്പെടുത്തുന്നു. ക്രിസ്തുമസ്സ് കേക്കുകൾ ഓർഡർ ചെയ്യാൻ സൗകര്യം ഉണ്ടായിരിക്കുന്നതാണ്.

**പുതിയ കൈക്കാരന്മാർ**

നമ്മുടെ ഇടവകയിൽ അടുത്ത ഒരു വർഷത്തേയ്ക്ക് കൈക്കാരന്മാരായി ശ്രീ. ബെന്നി തോമസ് തത്രത്തിൽ പൊൻമാണി, ശ്രീ.തോമസ് പ്രഭു മേനാച്ചേരി, ശ്രീ ഷാജു എടക്കളത്തൂർ എന്നിവരെ യോഗം തിരഞ്ഞെടുക്കുകയും രൂപത കൂരിയ അംഗീകരിച്ച് തരുകയും 18/10/2020 ന് സത്യപ്രതിജ്ഞ നടത്തി ഉത്തരവാദിത്വം ഏറ്റെടുക്കുകയും ചെയ്തു. മൂന്നു പേർക്കും ഇടവകയുടെ ആശംസകൾ.... അഭിനന്ദനങ്ങൾ....

**സേവനത്തിനും ശുശ്രൂഷയ്ക്കും നന്ദി**

നമ്മുടെ ഇടവകയിൽ കഴിഞ്ഞ മൂന്നു വർഷക്കാലം കൈക്കാരനായി സ്തുത്യർഹ സേവനം അനുഷ്ഠിച്ച ശ്രീ. റോമിയോ അലോഷ്യസ്മുള്ളൂരാന് ഇടവകയോഗം പ്രത്യേകം നന്ദി രേഖപ്പെടുത്തി. ഇടവകയുടെ ഗോൾഡൻ ജൂബിലിയാഘോഷവേളയിൽ അദ്ദേഹം നടത്തിയ ശുശ്രൂഷകൾ എല്ലാവരും അനുസ്മരിച്ചു. ഇപ്പോൾ അദ്ദേഹം ജോലിസംബന്ധമായി വിദേശത്ത് ആയതിനാൽ അദ്ദേഹത്തിന്റെ ജീവിതപങ്കാളി ശ്രീമതി കാതറിൻ റോമിയോ ഇടവകയുടെ സ്നേഹോപഹാരം ഏറ്റുവാങ്ങി. റോമിയോ അലോഷ്യസിന് ഇടവകയുടെ നന്ദിയും അഭിനന്ദനങ്ങളും. ദൈവം സമൃദ്ധ

മായി അനുഗ്രഹിക്കട്ടെ എന്ന പ്രാർത്ഥനയും ആശംസകളും.

**വി. കുർബാനയർപ്പണ ഐക്യം**

സീറോമലബാർ സിനഡിന്റെ തീരുമാനപ്രകാരമുള്ള വി. കുർബാന യർപ്പണം നമ്മുടെ ഇടവകയിൽ 29/11/2020 മുതൽ നിലവിൽ വരികയാ ണല്ലോ. ഇതിനുവേണ്ടി നമുക്ക് പ്രാർത്ഥിച്ച് ഒരുങ്ങാം. അൾത്താരയോട് ചേർന്ന് ജീവിതബലിയർപ്പിച്ചുകൊണ്ട് നമ്മുടെ ഇടവകയെയും കുടുംബ ത്തെയും തമ്പുരാന് സമർപ്പിക്കാം. ദൈവം സഭയെയും ഇടവകയെയും കുടുംബത്തെയും അനുഗ്രഹിക്കട്ടെ.

**യുവജനദിന ആഘോഷം**

ഒക്ടോബർ 24,25 ശനി, ഞായർ ദിവസങ്ങളിൽ ഇടവകയിൽ യുവജന ദിനആഘോഷം നടത്തപ്പെട്ടു. 24-ാം തിയ്യതി വൈകിട്ട് 6 മണി മുതൽ 7:30 വരെ യുവജനസെമിനാർ നടത്തി ശ്രീമതി അനുജ വിൻസെന്റ്, Miss Angel Sunil എന്നിവർ ക്ലാസ്സുകൾ നയിച്ചു. തുടർന്ന് Rev. Fr. Alfin Manvalan VC Ice Breaking പ്രാർത്ഥനാശുശ്രൂഷകൾക്ക് നേതൃത്വം നൽകി. 7.30 മുതൽ 8:15 വരെ കൃപയുടെ ആരാധനയും കുമ്പസാരവും നടത്തപ്പെട്ടു. സ്നേഹവിരുന്നോടെ ആദ്യദിനം സമാപിച്ചു. 25-ാം തിയ്യതി ഞായറാഴ്ച ജപമാലയും കാഴ്ചസമർപ്പണവും വി. കുർബ്ബാനയും നേർച്ചവിതരണവും യുവജനങ്ങളുടെ നേതൃത്വത്തിൽ നടത്തപ്പെടുകയു ണ്ടായി. 75 യുവതീയുവാക്കൾ ഈ പ്രോഗ്രാമിൽ പങ്കെടുത്തു. യുവജന ങ്ങൾക്ക് പ്രോത്സാഹനം നൽകി ശ്രീ തോമസ് പ്രഭു മേനാച്ചേരി, അൾത്താര അലങ്കാരം നടത്തിയ ബഹു സിസ്റ്റേഴ്സ്, സ്പോൺസർമാർ, കൈക്കാരന്മാർ, യുവജനങ്ങളുടെ മാതാപിതാക്കൾ എന്നിവർക്കും നന്ദി യുടെ പൂച്ചെണ്ടുകൾ. SMYM ഭാരവാഹികളായ ശ്രീ. ബിന്റോ ജോൺസനും ടീമംഗങ്ങൾക്കും ഇടവകയുടെ പ്രത്യേക അനുമോദനവും നന്ദിയും.

**20020 ജപമാല കൊറോണ വ്യാപനത്തെ നേരിടാൻ**

ഇടവകയിൽ ഈ വർഷത്തെ 10 ദിവസത്തെ ജപമാല യൂണിറ്റുകളുടെ നേതൃത്വത്തിൽ നടത്തപ്പെട്ടു. പത്തു ദിവസവും പള്ളിയും പരിസരവും വൃത്തിയാക്കിയും പരി. അമ്മയെയും അൾത്താരയും അലങ്കരിച്ചും കാഴ്ചസമർപ്പണവും നേർച്ചയും നൽകിയും നല്ല രീതിയിൽ നടത്താൻ സാധിച്ചു. നൂറിലധികം പേർ ഈ വർഷത്തെ ജപമാലയിൽ മുടങ്ങാതെ പങ്കെടുത്തു. പത്തു ദിവസവും മുടങ്ങാതെ ജപമാലയിൽ പങ്കെടുത്ത വർക്ക് 10 മണികൊന്ത സമ്മാനമായി നൽകി. പത്തു ദിവസത്തെ ജപമാല യ്ക്കുശേഷം കൊറോണ വ്യാപനത്തെ നേരിടാൻ 20020 ജപമാല അർപ്പണം നടത്തി. ഒക്ടോബർ 31-ാം തിയ്യതി അഖണ്ഡ ജപമാലദിന

മായി രാവിലെ 10 മണി മുതൽ 3 മണിവരെ നടത്തപ്പെടുകയും മൂന്നു മണിക്കുള്ള സമാപന വി. ബലിക്കുശേഷം നേർച്ച വിതരണം നടത്തു കയും ചെയ്തു. അഖണ്ഡ ജപമാലയ്ക്ക് നേതൃത്വം നല്കിയ മാതൃവേ ദി, ഓരോ ദിവസവും അലങ്കാരം നടത്തിയ യൂണിറ്റുകൾ, ബഹു. സിസ്റ്റേഴ്സ്, കൈക്കാരന്മാർ, കപ്യാർമാർ, ഗായകസംഘം, അൾത്താര സംഘം എന്നിവർക്ക് പ്രത്യേകം നന്ദി.

**മാതൃവേദി പച്ചക്കറിതോട്ടം**

ഇടവകയിലെ മാതൃവേദി അംഗങ്ങളുടെ നേതൃത്വത്തിൽ പച്ചക്കറി തോട്ടം ഒരുക്കുന്നു. വീടുകളിൽ വിഷമില്ലാത്ത പച്ചക്കറികൾ നട്ടുപിടി പ്പിച്ച് ഭക്ഷിക്കുക എന്നതിന്റെ പ്രാധാന്യം മനസ്സിലാക്കി അടുക്കളത്തോ ട്ടത്തിലേക്ക് ആവശ്യമായ ചെടിചട്ടികളും ചകിരിച്ചോറും ഒരുക്കിയിരി ക്കുന്നു. ആവശ്യമുള്ളവർക്ക് വാങ്ങി ഉപയോഗിക്കാവുന്നതാണ്.

**100 ദിവസത്തെ ബൈബിൾ വായന**

ഇടവകയിലെ 11 പേർ നൂറു ദിവസങ്ങൾകൊണ്ട് ബൈബിൾ മുഴുവൻ വായിച്ച് തങ്ങളെ സ്പർശിച്ച വചനങ്ങൾ എഴുതി സമർപ്പിച്ചു. ബൈബിൾ വായന പൂർത്തീകരിച്ച് സമ്മാനാർഹരായവർ.

1. സി. മേരി ആന്റോ FCC
2. ശ്രീമതി. ബേബി ഡേവിസ്
3. ശ്രീമതി. മേരിപോൾ
4. ശ്രീമതി. മേരി ഫ്രാൻസിസ്
5. ശ്രീമതി. ജൂബി ബെന്നി
6. ശ്രീമതി. റോസിലി ചാലിശ്ശേരി
7. ശ്രീമതി. ലിസ്സി ജോസഫ്
8. ശ്രീമതി ഷീല ജോൺ
9. ശ്രീമതി. ഓമന മാത്യു
10. ശ്രീമതി. ലാലി ജോർജ്ജ്
11. ശ്രീമതി റോസി ജോസഫ്

അടുത്തഘട്ടം ഡിസംബർ 24-ാം തിയ്യതി പൂർത്തിയാകുന്നു. എല്ലാ വരും ബൈബിൾ വായിച്ച് അനുഗ്രഹം പ്രാപിക്കുക.

**മരിച്ചവരെ ഉയർപ്പിക്കുന്നവനേ...**

ഈ വർഷത്തെ സകല മരിച്ചവരുടെയും ഓർമ്മദിനം നവംബർ 2-ാം തിയതി അർത്ഥവത്തായി ആചരിച്ചു. കോവിഡ് 19 ന്റെ പശ്ചാത്തല ത്തിൽ തിരക്ക് ഒഴിവാക്കുന്നതിനായി രാവിലെ 6:15 നും വൈകിട്ട് 5:30 നും വി. കുർബാനയും ഒപ്പീസ് പ്രാർത്ഥനകളും നടത്തപ്പെട്ടു. കല്ലറതി രുനാൾ മനോഹരമാക്കാൻ ഉദ്യമിച്ച ഏവരേയും മാതൃവേദി, പിതൃവേദി

SMYM, ബഹു സിസ്റ്റേഴ്സ്, കൈക്കാരന്മാർ, കപ്യാർമാർ അൾത്താരസംഘം, ഗായകസംഘം, ശ്രീ. N.R ആന്റണി ജിയോ എന്നിവർക്കും കല്ലറയിൽ ശുശ്രൂഷ ചെയ്യുന്ന ശ്രീ. അൻവർ കുടുംബത്തിനും, കമ്മിറ്റി അംഗങ്ങളായ ശ്രീ. വിൻസെന്റ് എരിഞ്ഞേരി, ശ്രീ. വിൻസെന്റ് വെള്ളാനിക്കാരൻ, ശ്രീ. സി.എഫ് പോൾസൺ, ശ്രീ പി.വി. ഫ്രാൻസിസ്, സിമിത്തേരി പൂന്തോട്ടം ശുശ്രൂഷചെയ്യുന്ന ശ്രീ. ഡേവിസ് പി.എ എന്നിവർക്കും സാമ്പത്തികസഹായം നല്കുന്നവർക്കും നന്ദിയും അനുമോദനവും. ഈ വർഷം സിമിത്തേരി തിരുക്കർമ്മങ്ങളിൽ ഓൺലൈൻ ആയി പങ്കെടുക്കാൻ സൗകര്യം ഒരുക്കിയിരിക്കുന്നു. ഇതിനു സഹായിച്ച ശ്രീ. തോമസ് പ്രഭു, ജിനോയ് സി.ജെ. എന്നിവർക്കും നന്ദി രേഖപ്പെടുത്തുന്നു.

**നിങ്ങൾ പോയി എല്ലാ ജനതകളേയും ശിഷ്യപ്പെടുത്തുവിൻ (മത്ത.28:19)**

ഈ വർഷത്തെ മിഷൻ ഞായർ ആചരണം നവംബർ 8-ാം തിയ്യതി ഞായറാഴ്ച നടത്തപ്പെട്ടു. യൂണിറ്റ് ഭാരവാഹികൾ കലണ്ടറും കവറുകളും ഭവനങ്ങളിൽ എത്തിക്കുകയും ഭവനങ്ങളിൽ നിന്ന് ലേലവസ്തുക്കൾ പള്ളിയിൽ എത്തിക്കുകയും ചെയ്തു. ഓരോ വി. കുർബാനയ്ക്കുശേഷവും ലേലം നടത്തപ്പെട്ടു. മാതൃവേദിയുടെയും പിതൃവേദിയുടെയും ഫുഡ് സ്റ്റാളുകൾ പ്രവർത്തിച്ചു. മിഷ്യൻ ഞായർ മനോഹരമാക്കാൻ സഹായിച്ച കൺവീനർ ശ്രീ. സി.എഫ് പോൾസൺ, ഫുഡ് സ്റ്റാൾ നടത്തിയ മാതൃവേദി ഉച്ചഭക്ഷണം തയ്യാറാക്കിയ പിതൃവേദി അംഗങ്ങൾ, സ്പോൺസർമാർ ലേലവസ്തുക്കൾ വാങ്ങിയവർ, നല്കിയവർ ഏവർക്കും പ്രത്യേകം നന്ദിയും അഭിനന്ദനങ്ങളും. ലേലവസ്തുക്കൾ വാങ്ങി സമ്മാനാർഹരായവർ.

ഒന്നാം സ്ഥാനം- ശ്രീ.കെ.ജെ. ജോർജ്ജ്

രണ്ടാം സ്ഥാനം- ശ്രീ. ബെന്നി ജോർജ്ജ്

മൂന്നാം സ്ഥാനം- ശ്രീ. വിൻസെന്റ് വെള്ളാനിക്കാരൻ

**കുടുംബ സമ്മേളനങ്ങൾ**

കോവിഡ് 19 കാലഘട്ടത്തിൽ ഭവനങ്ങളിൽ കുടുംബസമ്മേളനം നടത്താൻ സാധിക്കാത്ത പശ്ചാത്തലത്തിൽ താല്ക്കാലികമായി മേരിറാണി സ്കൂൾ ക്ലാസ്സ് റൂമിൽ കുടുംബസമ്മേളനം നടത്താൻ തീരുമാനിച്ചു. നവംബർ മാസം മുതൽ ഇനി ഒരു അറിയിപ്പ് ഉണ്ടാകുന്നതുവരെ ക്ലാസ്സ് റൂമിൽ വച്ചായിരിക്കും കുടുംബസമ്മേളനങ്ങൾ നടത്തപ്പെടുക. എല്ലാവരും നിശ്ചിത സമയങ്ങളിൽ വന്ന് പങ്കെടുക്കുവാൻ പരിശ്രമിക്കണേ.

**പ്രതിനിധിയോഗം**

ഇടവകയിൽ ഒക്ടോബർ 4-ാം തിയതി പ്രതിനിധിയോഗം നടത്തപ്പെടുകയും പുതിയ അംഗങ്ങളെ സ്വാഗതം ചെയ്യുകയും ഉണ്ടായി. പ്രതിനിധിയോഗ സെക്രട്ടറിയായി ശ്രീ. പോൾ മാത്യു ചേറ്റുപുഴക്കാരനെയും കൈക്കാരനായി ശ്രീ. ഷാജു എടക്കളത്തൂരിനെയും യോഗം തിരഞ്ഞെടുത്തു. 2019-20 വാർഷിക കണക്കും 2020 ഏപ്രിൽ മുതൽ ജൂലൈ വരെയുള്ള കണക്കും വായിച്ച് യോഗം അംഗീകരിച്ചു. കഴിഞ്ഞ ഒരു വർഷക്കാലം ഇടവകയിൽ കണക്ക് എഴുതിയ ശ്രീ. സജി ഐസക് തട്ടിൽ, ശ്രീ. സജി ജേക്കബ് കൈനിക്കാട്ടിൽ ,നിർമ്മാണ പ്രവർത്തനങ്ങളുടെ കണക്ക് എഴുതിയ ശ്രീ. പ്രബിൻ ചാലയ്ക്കൽ, യൂണിറ്റ്, സംഘടനകൾ എന്നിവയുടെ കണക്ക് എഴുതിയവർക്കും യോഗത്തിൽ നന്ദി അറിയിച്ചു. പങ്കെടുത്ത ഏവർക്കും നന്ദി രേഖപ്പെടുത്തുന്നു.

**ഇടവക ഡയറക്ടറി**

SMYM ന്റെ നേതൃത്വത്തിൽ ഇടവകയിൽ പുതിയ ഡയറക്ടറിയുടെ പ്രവർത്തനങ്ങൾ ആരംഭിച്ചിരിക്കുന്നു. ഇടവകയിലെ മുഴുവൻ കുടുംബങ്ങളും അവരുടെ കുടുംബാംഗങ്ങളുടെ പുതിയ വിവരങ്ങളും കുടുംബ ഫോട്ടോയും SMYM അംഗങ്ങളെ ഏൽപ്പിക്കണമെന്ന് ഓർമ്മപ്പെടുത്തുന്നു. ഡയറക്ടറിയിലേയ്ക്ക് പരസ്യങ്ങൾ (ജന്മദിനം, വിവാഹം, മരണ വാർഷികം, തൊഴിൽപരമായ പരസ്യങ്ങൾ) നൽകാൻ എല്ലാവരും പരിശ്രമിക്കുമല്ലോ.

**വാഹനവെഞ്ചിരിപ്പ്**

ഇടവകയിൽ ഒക്ടോബർ 18-ാം തിയ്യതി എല്ലാ. വി കുർബാനയ്ക്കുശേഷം വാഹനങ്ങൾ വെഞ്ചിരിച്ചു നല്കി. നൂറിലധികം വാഹനങ്ങൾ വെഞ്ചിരിച്ചു നൽകുകയും വാഹനം ഉപയോഗിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുകയും പരി. അമ്മയുടെ ഫോട്ടോ പതിച്ച സ്റ്റിക്കർ വാഹനത്തിൽ പതിപ്പിക്കുന്നതിനായി നല്കുകയും ചെയ്തു.

**പുൽക്കൂട് നിർമ്മാണം**

ഈ വർഷം ദൈവാലയത്തിലെ പുൽക്കൂട് നിർമ്മാണ ഭാഗ്യം സെന്റ് ജോൺ മരിയ വിയാനി യൂണിറ്റ് നറുക്കെടുപ്പിലൂടെ കരസ്ഥമാക്കി. വളരെ നല്ല രീതിയിൽ ക്രിബ് നിർമ്മാണം പൂർത്തിയാക്കാൻ പരിശ്രമിക്കുക.

**ശുശ്രൂഷയ്ക്ക് നന്ദി**

കഴിഞ്ഞ ആറുമാസക്കാലം ഇടവകയിൽ ശുശ്രൂഷ ചെയ്ത റവ. സി. ജോളി FCC, ഉപരിപഠനത്തിനായി കുമരപുരം കോൺവെന്റിലേയ്ക്ക് സ്ഥലം മാറി പോയിരിക്കുന്നു. സിസ്റ്റർ ഇവിടെ ചെയ്ത എല്ലാ സേവന

ങ്ങൾക്കും പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു. പുതിയ ശുശ്രൂഷാമേഖല യിലും പഠനമേഖലയിലും പ്രത്യേക സംരക്ഷണത്തിനായി പ്രാർത്ഥി ക്കുന്നു.

**കപ്പേള തിരുനാൾ**

ജൂബിലി സ്മാരക കപ്പേളയിൽ വി. മിഖായേൽ മാലാഖയുടെ തിരുനാൾ സെപ്റ്റംബർ 29-ാം തിയതി ആചരിച്ചു. ആഘോഷമായ വി. കുർബാ നയും നൊവേനയും തുടർന്ന് നേർച്ച വിതരണവും നടത്തി. പങ്കെടുത്ത എല്ലാവർക്കും നന്ദി രേഖപ്പെടുത്തുന്നു.

**ബൈബിൾ വിതരണം**

ഇടവകയിൽ അക്രൈസ്തവ മക്കൾക്ക് ബൈബിൾ നല്കുന്ന മിഷൻ പ്രവർത്തനത്തിന് (മിഷൻ- 2020) നവംബർ 8-ാം തിയ്യതി ആരംഭം കുറി ച്ചു. ഞായറാഴ്ച്ചകളിൽ വി. കുർബാനയ്ക്കുശേഷം ദൈവാലയത്തിന്റെ മുൻഭാഗത്ത് (മോണ്ടളം) ബൈബിൾ ലഭ്യമാകുന്നതാണ്. അക്രൈസ്ത വരായ മക്കൾക്ക് ബൈബിൾ നൽകി യേശുവിനെ പരിചയപ്പെടുത്താം. അവർക്കുവേണ്ടി പ്രാർത്ഥിക്കാം. നല്ല അയൽക്കാരനായി മാറാം....

**സെന്റ് വിൻസെന്റ് ഡിപോൾ ഡേ**

സെന്റ് വിൻസെന്റ് ഡിപോൾ യൂണിറ്റ് അവരുടെ മദ്ധ്യസ്ഥന്റെ തിരു നാൾ സെപ്റ്റംബർ 27-ാം തിയതി ആചരിച്ചു. കാഴ്ച്ച സമർപ്പണം നട ത്തിയും, വി. കുർബാനയിൽ പങ്കെടുത്തും, നേർച്ച വിതരണം ചെയ്തു. യൂണിറ്റിലെ പാവപ്പെട്ട കുടുംബങ്ങളെ സഹായിച്ചും ഈ വർഷത്തെ കുടുംബകൂട്ടായ്മദിനം വളരെ ലളിതമായി ആചരിച്ചു. യൂണിറ്റ് ഭാരവാ ഹികൾക്കും എല്ലാ കുടുംബങ്ങൾക്കും പ്രത്യേക നന്ദിയും അനുമോദന ങ്ങളും അറിയിക്കുന്നു.

**സിൽവർ, സുവർണ്ണ ജൂബിലി ആഘോഷം**

2020 ജനുവരി 1 മുതൽ 2020 ഡിസംബർ 31 വരെയുള്ള കാലഘട്ടത്തിൽ വിവാഹത്തിന്റെ 25,50, വാർഷികം ആഘോഷിക്കുന്ന ദമ്പതികളെ രൂപത ആദരിക്കുന്നു. രൂപതാ പാസ്റ്ററൽ സെന്ററിൽ വെച്ച് ഡിസംബർ 12-ാം തിയ്യതിയാണ് ജൂബിലി ആഘോഷം നടത്തപ്പെടുന്നത്. ജൂബിലി ആഘോഷിക്കുന്ന ദമ്പതികൾ പങ്കെടുക്കണമെന്ന് ഓർമ്മപ്പെടുത്തുന്നു.

**25 നോമ്പ് ആരംഭം-വിവാഹാഘോഷമുടക്ക്**

നവംബർ 30-ാം തിയ്യതി ശനിയാഴ്ച്ച അർദ്ധരാത്രി മുതൽ 25 നോമ്പ് ആരംഭിച്ച് ഡിസംബർ 24-ാം തിയ്യതി രാത്രി അവസാനിക്കുന്നു. എല്ലാ വരും ആത്മീയമായി ഒരുങ്ങുമല്ലോ.

**പ്രീകാനകോഴ്സ്**

ഡിസംബർ 11,12,13 (വെള്ളി, ശനി, ഞായർ) തിയ്യതികളിൽ രൂപതാ പാസ്റ്ററൽ സെന്ററിൽവച്ച് പ്രീകാനകോഴ്സ് നടത്തപ്പെടുന്നു. പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ പേരു നൽകണമെന്ന് ഓർമ്മപ്പെടുത്തുന്നു.

## Bishop Irimpen Memorial Quiz

ഒരു ഇടവകയിൽ നിന്നും മൂന്നുപേരടങ്ങുന്ന ടീം ആണ് പങ്കെടുക്കേണ്ടത്. ഒരാൾ യുവജനങ്ങളുടെ പ്രതിനിധി (പ്രായം 17 വയസ്സിനും 30 വയസ്സിനുമിടയിൽ) ആയിരിക്കണം.

ആദ്യ റൗണ്ട് മത്സരം December 6

**പഠനഭാഗങ്ങൾ**

1. വി. ലൂക്ക, വി.യോഹന്നാൻ സുവിശേഷം
2. കത്തോലിക്കസഭയുടെ മതബോധനഗ്രന്ഥം (പേജ്: 336-378)
   വകുപ്പ് 3,4 കുർബാന, അനുരജ്ഞന-അനുതാപ കൂദാശകൾ.
3. അനുദിനവിശുദ്ധൻ-ജൂലൈ 1 മുതൽ ഡിസംബർ 31 വരെ
4. പൊതുചോദ്യങ്ങൾ (20 മാർക്ക്)

## മതബോധന വാർത്തകൾ

**ശാന്തരാത്രി തിരുരാത്രി**

ഇടവക വിശ്വാസ പരിശീലനവിഭാഗത്തിന്റെ നേതൃത്വത്തിൽ ഡിസംബർ 1 മുതൽ 24 വരെ ഇടവകയിലെ മുഴുവൻ അംഗങ്ങൾക്കുമായി ക്രിസ്തുമസ്സ് ഒരുക്കം ഓൺലൈനായി നടത്തുന്നു. എല്ലാദിവസവും പ്രോഗ്രാം കാണുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുമല്ലോ.

**ആദ്യകുർബാന സ്വീകരണം**

2020 മെയ് മാസത്തിൽ ആദ്യകുർബാന സ്വീകരണം നടത്താൻ സാധിക്കാത്തതിനാൽ 2021 ജനുവരി 10, ഫെബ്രുവരി 14 തിയ്യതികളിൽ രണ്ടുഘട്ടമായി നടത്താൻ തീരുമാനിച്ചിരിക്കുന്നു. ക്ലാസ്സുകൾ ഡിസംബർ മാസത്തിൽ ആരംഭിക്കുന്നതായിരിക്കും എന്ന് ഒർമ്മപ്പെടുത്തുന്നു.

**മതബോധനവിദ്യാർത്ഥികൾക്ക് സമ്മാനദാനം**

2019-20 അധ്യയനവർഷത്തിൽ ഇടവക, രൂപതാ തലത്തിൽ സമ്മാനാർഹരായവർക്ക് (പഠനം, ഹാജർ, സാഹിത്യം, രചന, ഗാനം, വി. കുർബാനയിൽ മുടങ്ങാതെ 6 മാസം പങ്കെടുത്തവർ) നവംബർ 1-ാം തിയ്യതി ഞായറാഴ്ച്ച 10:30 നുള്ള വിശുദ്ധകുർബാനയ്ക്കുശേഷം സമ്മാനങ്ങൾ നല്കി ആദരിച്ചു. സമ്മാനാർഹരായ എല്ലാ കുട്ടികൾക്കും അവരെ പ്രോത്സാഹിപ്പിച്ച മാതാപിതാക്കൾക്കും അധ്യാപകർക്കും

അനുമോദനങ്ങളും അഭിനന്ദനങ്ങളും.

Happy New Year

ഏശയ്യ 49:22 "ദൈവമായ കർത്താവ് അരുൾ ചെയ്യുന്നു. ജനതകൾക്കുനേരെ ഞാൻ കരം ഉയർത്തുകയും അവർക്ക് അടയാളം കൊടുക്കുകയും ചെയ്യുന്നു. അവർ നിന്റെ പുത്രന്മാരെ മാറിലണച്ചും പുത്രിമാരെ തോളിലേറ്റിയും കൊണ്ടുവരും." ഈ പുതിയ വർഷം ദൈവത്തിന്റെ അടയാളം നമ്മിൽ ഉണ്ടാവുകയും നമ്മെ ഏവരെയും ഉയർത്തുകയും ചെയ്യട്ടെ. എല്ലാ വരുമാനമാർഗ്ഗങ്ങളിലും പഠനത്തിലും ആരോഗ്യത്തിലും ആദ്ധ്യാത്മിക ജീവിതത്തിലും ദൈവത്തിന്റെ മികവ് പ്രകടമാകട്ടെ. ഏവർക്കും പുതുവത്സാരാംശസകൾ നേരുന്നു.

**ഈശോ മറിയം യൗസേപ്പേ... കടന്നുവരണമെ**

ഡിസംബർ 27-ാം തിയ്യതി ഞായറാഴ്ച തിരുകുടുംബ തിരുനാളാണല്ലോ. ഈശോ മറിയം യൗസേപ്പെ തിരുകുടംബത്തിന്റെ പുണ്യ ദീപങ്ങളെ ഞങ്ങളുടെ കുടുംബങ്ങളിൽ നന്മയുടെ ദീപം തെളിയിച്ചാലും. പരസ്പരം ക്ഷമിക്കാനും പരസ്നേഹത്തിൽ ജീവിക്കാനും ഭവനത്തിൽ ഒന്നായി പ്രാർത്ഥിക്കാനും ഒരുമിച്ച് ഭക്ഷിക്കാനുമുള്ള കൃപക്കായി പ്രാർത്ഥിക്കാം.

**പ്രവേശക കൂദാശകൾ**

1. സെന്റ് ഫ്രാൻസിസ് സേവ്യർ യൂണിറ്റ് മാറോക്കി ജോഷി+ ബിന്ദു മകൾ ജോസ്‌ലിൻ (ഫിലോമിന) 26/09/2020 പ്രവേശക കൂദാശകൾ സ്വീകരിച്ചു. ജനനം 02/08/2020

2. സെന്റ് ആന്റണി യൂണിറ്റ് ചിറ്റാട്ടുകര സിജോ + റിനി മകൾ എഡ്ന (Edna) എൽസ 04/10/2020 ന് പ്രവേശക കൂദാശകൾ സ്വീകരിച്ചു. ജനനം 02/07/2020.

3. പാറക്കൽ സെബിൻ+ ജിസ്മി മകൻ ഡൊമിനിക് (ജോർജ്ജ്) 15.11.2020 ന് പ്രവേശക കൂദാശകൾ സ്വീകരിച്ചു. ജനനം 02.03.2020 (സെന്റ് വിൻസെന്റ് ഡി പോൾ യൂണിറ്റ്)

4. കൊത വാഴിക്കൽ ചാർളി + ലൂനി മകൾ അദീന സി. മരിയ 15.11.2020 ന് പ്രവേശക കൂദാശകൾ സ്വീകരിച്ചു. ജനനം 30.05.2020 (മാനന്തവാടി രൂപത).

**വിവാഹ ജീവിതത്തിലേയ്ക്ക്**

1. സെന്റ് സെബാസ്റ്റ്യൻ യൂണിറ്റ് മറ്റുപുറത്ത് ഗ്ലാഡ്‌വിൻ+ ഷൈജി മകൾ മേരി ലൂസി ഗ്ലാഡിഷും ശരവണംപെട്ടി വിശ്വകുമാർ+ അഭിരാമി മകൻ വിനോദ് കുമാറും (Desparity of Cult) 26/10/2020 ന് വിവാഹിതരായി.

2. സെന്റ് പോൾ യൂണിറ്റ് തൈക്കാട്ടിൽ ഈനാശു+ഷീബ മകൾ

പ്രിൻസിയും കോയമ്പത്തൂർ രൂപത മേട്ടുപ്പാളയം അണ്ണൈ വേളാങ്കണ്ണി ഇടവക മാണിക്യം+ സഹായമേരി മകൻ പ്രശാന്ത്/ ആരോഗ്യരാജും 22/11/2020 ന് വിവാഹിതരായി.

**ദനഹാ തിരുനാൾ**

ജനുവരി 6–ാം തിയ്യതി ദനഹാ തിരുനാൾ നാം ആചരിക്കുന്നു. മാമ്മോദിസായിലെ വ്രതങ്ങളും, യേശുവെന്ന പ്രകാശത്തെയും നമുക്ക് ഓർക്കാം. ഏവർക്കും ദനഹാതിരുനാളിന്റെ മംഗളങ്ങൾ.

**വി. കുരിയാക്കോസ് ഏലിയാസ് തിരുനാൾ**

ജനുവരി മൂന്നാം തിയ്യതി വി. കുരിയാക്കോസ് ഏലിയാസിന്റെ തിരുനാൾ ആണല്ലോ. നമ്മുടെ കുടുംബങ്ങളെ സമർപ്പിച്ചു പ്രാർത്ഥിക്കാം. വിശുദ്ധന്റെ മാദ്ധ്യസ്ഥം നമ്മുടെ കുടുംബങ്ങൾക്ക് അനുഗ്രഹമാകട്ടെ.

**കുഞ്ഞിപ്പൈതങ്ങളുടെ തിരുനാൾ**

ഡിസംബർ 28–ാം തിയ്യതി കുഞ്ഞിപ്പൈതങ്ങളുടെ തിരുനാൾ ആചരിക്കുന്നു. യേശുവിന്റെ സ്നേഹധാരയിൽ വളരാനും യേശുവിന്റെ വചനം ഹൃദയത്തിൽ നിറയാനും യേശുവിന്റെ നാമം പാടുവാനും ഈശോ എന്നും കുഞ്ഞുങ്ങളുടെ കൂടെ ഉണ്ടാകാനും നമുക്ക് പ്രാർത്ഥിക്കാം. അന്നേ ദിവസം വിശുദ്ധബലിയിൽ എല്ലാ കുഞ്ഞുപ്പൈതങ്ങളെയും കൊണ്ടുവരുവാൻ മാതാപിതക്കൾ ശ്രദ്ധിക്കുമല്ലോ. എല്ലാവർക്കും തിരുനാൾ മംഗളങ്ങൾ...

## பொங்கலோ பொங்கல்

തമിഴ് നാടിന്റെ കാർഷിക ഉത്സവമായ പൊങ്കൽ ആഘോഷിക്കാൻ ഒരുങ്ങകയാണല്ലോ. നമുക്കാവശ്യമായ ഭക്ഷ്യവസ്തുകൾക്കായി അധ്വാനിക്കുന്ന എല്ലാ കർഷകരേയും അവരുടെ കൃഷിയിടങ്ങളേയും സമർപ്പിച്ച് നല്ല ദൈവത്തോട് പ്രാർത്ഥിക്കാം. നല്ല കാലാവസ്ഥക്കുവേണ്ടിയും, കൃഷിയിടങ്ങൾ ക്ഷുദ്ര ജീവികളിൽ നിന്നും വിമുക്തമാകാനും, അവരുടെ അധ്വനഫലത്തിന് നല്ല വില ലഭിക്കാനും, ഉന്നത ജീവിത നിലവാരം ഉണ്ടാകാനും, യുവജനങ്ങൾ കാർഷിക വൃത്തിയിലേക്ക് കടന്നു വരാനും പ്രകൃതി അനുഗ്രഹിക്കപ്പെടാനും വേണ്ടി നമുക്ക് പ്രാർത്ഥിക്കാം ഏവർക്കും

இனிய தைப்பொங்கல் நல்வாழ்த்துகள்

**സിമിത്തേരിയിൽ ശനിയാഴ്ചകളിൽ ഒപ്പീസ് കല്ലറ വെഞ്ചിരിപ്പ്**

നവംബർ മാസത്തിലെ ശനിയാഴ്ചകളിൽ ദൈവാലയത്തിലെ ബലിയർപ്പണത്തിനുശേഷം സിമിത്തേരിയിൽ ഒപ്പീസ് പ്രാർത്ഥനയും കല്ലറകൾ വെഞ്ചിരിക്കുകയും ചെയ്യുകയുണ്ടായി. ഇടവകയിൽ പ്രത്യേകം അലങ്കരിച്ച് സ്ഥലത്ത് കുടുംബത്തിൽ നിന്ന് മരിച്ചു പോയവരുടെ പേരുകൾ എഴുതിവച്ച് പ്രാർത്ഥന നടത്തി.

# "கிறிஸ்துமஸ் " அமைதியின் விழா, சமாதானத்தின் விழா.

**கிறிஸ்துமஸ் அன்பின் விழா.** கடவுளுடைய அன்புக்கு எடுக்கப்படும் விழா. மனிதர் அனைவர் மீதும் கொண்ட அன்பால், இறைவன் தம் மகனை மனித உருவில் தோன்றச் செய்தார். தம் மகன் இயேசு வழியாக தம் அன்பை வெளிப்படுத்தினார்.. **கிறிஸ்துமஸ் இறை பிரசன்னத்தின் பெருவிழா.** கடவுள் நம்மோடு இருக்கின்றார் என்ற ஆறுதலின் செய்தியை, மகிழ்ச்சியின் செய்தியை நமக்குத் தரும் விழா. **கிறிஸ்துமஸ் ஒளியின் விழா.** உலகிற்கு ஒளியாக உதித்தார் இயேசு. இந்நாளில் இருளான மனங்களில் இயேசுவின் ஒளி வீசட்டும்.. இப்புனித நாளில் எது எது நம்மைப் பிரிக்குமோ அவற்றை மறப்போம். எவை எவை நம்மை இணைக்குமோ அவற்றை நினைப்போம்.

- ஆடையில்லாதவர்களுடன் ஆடைகளைப் பகிர்வது நமக்கு தேவையில்லாத, பழைய, கிழிந்த ஆடைகளையல்ல, மாறாக பிறர் பயன்படுத்தும் அளவுக்கு நல்ல ஆடைகளை வழங்குவது தான் சிறந்தது.

- உணவில்லாதவர்களுக்கு உணவளிப்பது – நம்மால் சாப்பிட இயலாத, கெட்டுப்போன உணவுகளையல்ல, மாறாக, பிறர் சாப்பிடக்கூடிய அளவுக்கு நல்ல உணவைக் கொடுக்க வேண்டும்.

- நோயுற்றோருக்கும் சிறையிலிருப்போருக்கும் ஆறுதல் சொல்வது.

- ஏழை, எளிய மாணவர்களுக்கு நம்மால் இயன்ற உதவியைச் செய்வது

கிறிஸ்துமஸ் கொண்டாட்டங்களுக்கு "பகிர்தல் " நல்லதொரு பொருளையும் குறிக்கோளையும் தருகின்றது . நமது நெருங்கிய சுற்றமும் நட்பும் சார்ந்த சிறிய வட்டத்திற்கும் அப்பாற்பட்டு நம்மிலும் தாழ் நிலையில் உள்ளவர்களை , எளியவரை இன்றியமையா தேவையோடு இருப்பவரை கருத்தில் கொண்டு அவர்களோடு பகிர்ந்திட நாம் முன்வரும் போது கிறிஸ்து பிறப்பு விழாவின் கொண்டாட்டங்கள் நமக்கு மன நிறைவும் , மகிழ்ச்சியையும் அளித்திடும் என்பதில் ஐயமில்லை .

பகிர்வின் சிறப்பினை எடுத்துரைக்கும் விதமாக திருத்தூதர் புனித பவுல் "நல்லதைச் செய்து நற்செயல்கள் என்னும் செல்வத்தை சேர்ப்பார்களாக ; தங்களுக்குள்ளதை தாராள மனத்தோடு பகிர்ந்தளிப்பார்களாக " (1 திமே 6:18) என்றும் "மனவருத்தத்தோடோ ,கட்டாயத்தினாலோ கொடுக்க வேண்டாம் .முகமலர்ச்சியோடு கொடுப்பவரே கடவுளின் அன்புக்கு உரியவர் " (2 கொரி 9:7) என்றும் தெளிவாகக் கூறுகிறார் .

கிறிஸ்து பிறப்பு விழாவின் முக்கிய நோக்கமே "நம்பிக்கையும் நிலைவாழ்வும்" என்று, ( யோவான் 3:16-17)ல் வாசிக்கிறோம். "தம் ஒரே மகன் மீது நம்பிக்கை கொள்ளும் எவரும் அழியாமல் நிலைவாழ்வு பெரும் பொருட்டு அந்த மகனையே அளிக்கும் அளவுக்கு கடவுள் உலகின் மீது அன்பு கூர்ந்தார்." ஒவ்வொரு கிறிஸ்து பிறப்பு விழாவும் நமது நம்பிக்கையை ஆழப்படுத்த வேண்டும். ஆனால் நாம் நம்பிக்கைக் குறைவில் வளர்ந்து வருகிறோம்.

பிறக்கப்போகின்ற ஆண்டவர் இயேசு, நமது நம்பிக்கையை வளர்க்க அருள்தருவார். நமது தயாரிப்பு வெளியடையாளங்களாக இல்லாமல் உள்ளம் சார்ந்த, வாழ்வில் மாற்றத்தை ஏற்படுத்தும் தயாரிப்பாக அமைய முயற்சி எடுப்போம். நமது குடும்பங்கள், உறவுகள் கிறிஸ்து பிறப்பின் மகிழ்ச்சியால் நிரம்பட்டும். நமது சமுதாயம், நாடு, உலகம் அனைத்தும் கிறிஸ்து பிறப்பின் அமைதியை சுவைக்கட்டும். நமது கிறிஸ்து பிறப்பு தயாரிப்பு நம்மை சக மனிதர்களோடும், இறைவனோடும் நல்லுறவை ஏற்படுத்தட்டும். கிறிஸ்து நம் மீட்பர் என்ற நம்பிக்கை ஆழப்படட்டும். இறுதியாக, "இழந்து போனதைத் தேடி மீட்கவே இயேசு வந்திருக்கிறார்." இழந்த நமது நம்பிக்கையை, மகிழ்ச்சியை, முறிந்த உறவுகளை மீட்பர் இயேசு மீட்டருள்வாராக..

அனைவருக்கும் மகிழ்ச்சி நிறைந்த இனிய கிறிஸ்து பிறப்பு புத்தாண்டு நல்வாழ்த்துகள் !!!




# Mr. C.L Joseph & Mrs. Lisy

## Chirayath Athanickal

**Best Compliments...**

**Jincy, Lincy, Jesme, Rosme, Darise & Bibin Eden**





# Mrs. Mary Varghese

**W/o Mr. K.M Varghese**
**Kannanaikel House**
**St. Joseph Unit Rathinapuri**

**Birth : 08.12.1946** **Death : 10.12.2019**

*By Varghese Kannanaikel & Sorrowing Family Members*

## 1st Year of Remembrance





*ജീവിച്ചിരിക്കുമ്പോൾ ഞങ്ങളെ*
*നയിച്ചതുപോലെ...*
*സ്വർഗത്തിൽ നിന്ന് ഞങ്ങളെ*
*നയിക്കണമെ...*

| Born | Died |
|---|---|
| 21.01.1934 | 02.11.2019 |

# M. K. FRANCIS

**MELIT HOUSE**

*By*
*Sorrowing Family*

# 25th Death Anniversary

**28.12.1995**





'O' Lord Receive our Prayers
for the soul of our beloved
Father, grant his eternal rest by the
merciful forgiveness
through our Lord Jesus Christ.
May his soul rest in peace forever

## Mr. N.L. Joseph

**Njanakkal House**

BORN: 10.11.1933 DIED : 28.12.1995



***By Sorrowing Family: Rosy, Sheena, Sheeja***

# 2nd Death Anniversary

30.11.2020





## ROSALI GEORGE

Chirackal House

**Born : 11.10.1952 Died : 30.11.2018**

*" I have fought the good fight I have finished
the race, I have kept the faith.
(2 Timothy 4:7)*

*Sorrowing Family Members*

# $1^{st}$ year Death Anniversary

**27.11.2020**



**If we live, we live to the Lord,
and if we die, we die to the Lord,
So then, whether we live or
whether we die, we are the Lord's.
(Roman 14:8)**

**Birth: 12.11.1985**
**Death: 27.11.2019**



## Flaubert C Jose

S/o Jose C.J
Chungath House
St. Peter's Unit

By sorrowing family



# $1^{st}$ Death Anniversary

## Susamma

**W/o Mr. P.J Francis**
**Pattathuparambil House**

**Born: 16.12.1962    Death: 17.12.2020**



*Sorrowing Family Members*

Son: Prince Antony
D/L : Joshni Prince
S/L : John Binesh
Grand Children : Anish Joseph,
Ann Mary, Susanna

**St. Alphonsa Unit**



## 3rd Death Anniversary



*The Lord Turn his face towards you and give you peace Number 6:26*

Love You Amma

# TREESA SEBASTIAN

**Kaitharath House**

**Born : 08.01.1950 Died: 12.11.2017**

**Husband: K A Sebastian**
**Son: Varghese K. S Sunil**
**Daughter in Law: Adline Sunil**
**Grand Children : Angel Treesa K V**
**Ashil Sebastian K V**


*Tony Mathew. C*
**95435 39868**
**90807 04225**








# Specto Craft Opticians

**Eye Testing Facility Available Here**

108, (Opp) St. Michael's School,
Near Royal Theatre
Big Bizzar Street, Coimbatore - 641 001

# $5^{th}$ Death Anniversary

20.12.2020







ജീവിച്ചിരിക്കുമ്പോൾ ഞങ്ങളെ
നയിച്ചതുപോലെ
ദൈവത്തിന്റെ പക്കലിരുന്ന്
ഞങ്ങളെ നയിക്കണമേ.
എന്നും അങ്ങേയ്ക്കായി പ്രാർത്ഥിക്കുന്ന
സന്തപ്ത കുടുംബാംഗങ്ങൾ

## O.L THOMAS

**Olakengal House**

**Born : 1928**



**Died: 20.10.2015**

*By Sorrowing Family*


BHAARATH (TM)

*Lion D. JOHNSON., ITES (DIP)*
*Cell : 98430 - 18011*
*Shop : 95853 - 33778*

## BHAARATH ELECTRICAL INDUSTRY



**78, New Scheme Road, P.N. Palayam,**
**Coimbatore - 641 037**















JOSEPH STANISLAUS. J
Mobile : 94437 75050

WATER PROOF CONSULTANT

TERRACE THERMAL INSULATION, ELEVATION TILES WATERPROOF
WATER TANKS LEAK PROOF, TERRACE WATER PROOF
INTERIOR PAINTS






48/641, 7th Street Extension, Gandhipuram, Coimbatore-12

Shaju A George
Director - Business Development
Mob: +91 9003364414

ALERT SECURITY MART

179, N.G. Narayanasamy Road,
New Siddhapudur, Coimbatore - 641 044
Tamil Nadu, India., Ph: 0422 4383800
E-Mail: shaju@alertsecuritymart.com web: alertsecuritymart.com

godrej CP PLUS alhua HIKVISION Ravel DSC
SIEMENS ERREKA Honeywell

CCTV | BIO METRIC ATTENDANCE/ ACCESS CONTROL| FIRE / BURGLAR ALARM | HOME AUTOMATION

Joseph CP
9363210497

SINI
Photo & Videos



5/55, Vimal Nagar, Viswasapuram, cbe-35

N S FRANCO
9843246346

STAR Health Insurance
The Health Insurance Specialist

CORONA KAVACH

Upto 5 Lakhs
Covarage in all Hospitals

Valid upto 9.5 Months
from the date of
enrolment

0 to 45 Premium 2243
46 to 65 Premium 2697

# സംഘടനാവാർത്തകൾ

## പിതൃവേദി

### മിഷൻ ഞായർ

